-

(കരട്)

## വിദ്യാഭ്യാസ അവകാശ നിയമം

## ഘടനാപരമായ മാറ്റം

1–4–2010–ൽ നിലവിൽ വന്ന സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം 2009 രാജ്യത്തെ 6 വയസിനും 14 വയസിനുമിടയിൽ പ്രായമുള്ള കുട്ടികൾക്കു് വിദ്യാഭ്യാസം നേടുന്നതിനുള്ള അവകാശം ഉറപ്പു വരുത്തുന്നു. രക്ഷാകർത്താവിനോടൊപ്പം ഈ ഉത്തരവാദിത്വം ഗവൺമെന്റിനും തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും ഉള്ളതാണു്. ഈ ആക്ടിലെ ഷെഡ്യൂളിൽ അനുശാസിക്കുന്ന വിധം വിദ്യാർത്ഥി അദ്ധ്യാപക അനുപാതം, വാർഷിക അദ്ധ്യയന ദിനങ്ങൾ, അദ്ധ്യാപന സമയം, പഠന മുറികളുടെ എണ്ണം, പഠനോപകരണങ്ങളുടെ ലഭ്യത, ഗ്രന്ഥശാല, ടോയിലറ്റ്, കുടിവെള്ളം, കളിസ്ഥലം, ഉച്ചഭക്ഷണത്തിനുള്ള പാചകപ്പുര, 6 മുതൽ 8 വരെയുള്ള ക്ലാസ്സുകൾക്ക് വിഷയം തിരിച്ചുള്ള അദ്ധ്യാപകർ, കല, പ്രവൃത്തി, കായിക പരിശീലനം എന്നിവയ്ക്കു വേ ണ്ട അദ്ധ്യാപകർ ഇവയും ഉറപ്പാക്കേതുണ്ട്. ഇത് ആക്ട് നിലവിൽ വന്ന് 3 വർഷത്തിനകം നിർബന്ധമായും പാലിക്കപ്പെടണം.

ഇതേ തുടർന്ന് സംസ്ഥാനത്ത് വിദ്യാർത്ഥി അദ്ധ്യാപക അനുപാതം എൽ.പി വിഭാഗത്തിൽ 30:1 ആയും യു.പിയിലും ഹൈസ്കൂളിലും 35:1 ആയും ആകേ ണ്ട തുണ്ട്. അതോടൊപ്പം 150 കുട്ടികൾ വീതമുള്ള എൽ.പി. സ്കൂളിലും 100 കുട്ടികളുള്ള ഒരു യു.പി.സ്കൂളിലും സ്വതന്ത്ര ചുമതലയുള്ള ഒരു ഹെഡ്മാസ്റ്ററുടെ തസ്തികയും അനുവദനീയമാണ്.

ഈ ആക്ടിനെ തുടർന്ന് സംസ്ഥാനത്തു വന്ന വിദ്യാഭ്യാസ അവകാശ ചട്ടമനുസരിച്ച് (1 മുതൽ 5 വരെ) എൽ.പി.സ്കൂൾ ഒരു കിലോമീറ്ററിനും അപ്പർ പ്രൈമറി സ്കൂൾ (6 മുതൽ 8 വരെ) 3 കിലോ മീറ്ററിനുള്ളിലും സ്ഥിതി ചെയ്യുന്ന "അയൽപക്ക വിദ്യാലയങ്ങൾ" പ്രവർത്തിക്കേണ്ട താണ്.

ഈ ഏ കീകരണം നടപ്പിലാക്കുമ്പോൾ ഭൗതികവും ഘടനാപരവും മാനവശേഷി വ്യതിയാനവും പാഠ്യക്രമത്തിലും പാഠ്യപദ്ധതിയിലും മാറ്റവും അനിവാര്യമാണ്. ലഭ്യമായ കണക്കുകൾ പ്രകാരം 2852 യു.പി. സ്കൂളുകളിൽ നിന്ന് 5–ാം ക്ലാസ് മാറ്റി എൽ.പി.സ്കൂളിൽ ചേർക്കേണ്ട തായി വരും. അതോടൊപ്പം 2780 ഹൈസ്കൂളുകളിൽ നിന്നും 8–ാം ക്ലാസ് മാറേ ണ്ട തു ണ്ടു്. 5801 എൽ.പി.സ്കൂളുകളിൽ 5–ാം ക്ലാസും 2851 യു.പി.സ്കൂളുകളോടൊപ്പം 8–ാം ക്ലാസും ചേർക്കേണ്ടതായി വരും.

-

ഇപ്രകാരം മാറ്റി സ്ഥാപിക്കുന്നതോടൊപ്പം പുതുക്കിയ വിദ്യാർത്ഥി അദ്ധ്യാപക അനുപാതം അനുസരിച്ചാകണം ക്ലാസ് മുറികൾ ഒരുക്കേണ്ടത്. അങ്ങനെ വരുമ്പോൾ 5–ാം തരം ചേർക്കുന്നതിനും എൽ.പി.സ്കൂളുകളിൽ 11305 ക്ലസ് മുറികൾ പണിതുണ്ട ാക്കണം. 8–ാം തരം കൂട്ടിച്ചേർക്കുന്ന യു.പി. സ്കൂളുകളിൽ 6681 ക്ലാസ് മുറികൾ കൂടി വേ ണ്ട ിവരുന്നു. ആകെ 17986 മുറികൾ. ഇതിനു പുറമേയാണ് വിദ്യാർത്ഥി അദ്ധ്യാപക അനുപാതം കുറയ്ക്കുന്നതു വഴി എല്ലാ ക്ലാസുകൾക്കുമായി അധികമായി വേ ണ്ട ി വരുന്ന കെട്ടിട നിർമാണം. ഘടനപരമായ മാറ്റം നടപ്പാക്കുന്നതിനു വേ ണ്ട ി വരുന്ന 18000 ക്ലാസ് കെട്ടിട നിർമ്മാണം വിദ്യാർത്ഥി സമൂഹത്തിന് ഇന്ന് നഷ്ടപ്പെട്ടു കൊ ണ്ട ിരിക്കുന്ന പൊതു സൗകര്യങ്ങളും കളിസ്ഥലവും, തുറസായ സഹവാസവും ഇല്ലാതാക്കും. വർഷം മുഴുവനും നീ ണ്ടു നിൽക്കുന്ന കെട്ടിടനിർമ്മാണമാകും ഫലം. കെട്ടിട നിർമ്മാണമെന്ന ദുരിതം മാറാത്ത വിദ്യാലയ അന്തരീക്ഷം കുട്ടികളിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കും.

കീഴ്‌വഴക്കങ്ങൾ മാറ്റിവച്ച് പുതു തലമുറയുടെ ഭാവിയാണ് പ്രധാനമെന്ന ലക്ഷ്യത്തോടെ ഒരുമിച്ചു നിന്നാൽ ഈ സാഹചര്യം മറികടക്കാനാകും. പൊതു വിദ്യാഭ്യാസം നിലനിർത്തേണ്ട തിന് കൂട്ടായ പരിശ്രമമാണ് വേ ണ്ട ത്. ഈ കൂട്ടായ്മയിൽ പൊതു ഖജനാവിൽ നിന്ന് പണം ചെലവഴിച്ച് നടത്തിക്കൊണ്ട ുപോകുന്ന എയ്ഡഡ്–സർക്കാർ സ്കൂളുകൾ ഒന്നായി കാണാൻ കഴിയണം. ഒരു പ്രദേശത്തെ ജനങ്ങളുടെ പൊതു സ്വത്തായി ഈ വിദ്യാലയങ്ങൾ ഉയരണം.

## മദർ സ്കൂൾ

**സംസ്ഥാനത്ത് അഞ്ചാം** തരം പഠിപ്പിക്കുന്ന എല്ലാ വിദ്യാലയങ്ങളേയും അവ സ്ഥിതി ചെയ്യുന്ന അയൽപക്ക എൽ.പി.സ്കൂളിന്റേയും "**മദർ സ്കൂൾ** ആക്കി" മാറ്റുകയെന്നതാണ് ലക്ഷ്യമിടുന്നത്. "മദർ സ്കൂളിൽ" നിന്നും ഒരു കിലോ മീറ്റർ ചുറ്റളവിലുള്ള എല്ലാ എൽ.പി.സ്കൂളുകളും ഈ സ്കൂളിന്റെ ഫീഡർ സ്കൂളൂകളായിരിക്കും. ഒരു കിലോ മീറ്റർ പരിധിയിൽ മദർ സ്കൂളുകൾ ഇല്ലാത്ത സ്ഥലങ്ങളിലേറ്റവും അടുത്തുള്ള സ്കൂളായിരിക്കും മദർ സ്കൂൾ.

മദർ സ്കൂളിനൊപ്പം ആ ഗണത്തിലുൾപ്പെടുന്ന എല്ലാ സ്കൂളുകളേയും ഒരു കേന്ദ്രമായി പരിഗണിച്ച് വികസന പദ്ധതികൾ നടപ്പാക്കും. ഒരു ഗണത്തിൽ (ക്ലസ്റ്റർ) പരിഗണിക്കപ്പെടുന്ന മദർ സ്കൂൾ ആ പ്രദേ

-

ശത്തെ കുട്ടികളുമായി അകന്നു നിൽക്കുന്ന സാഹചര്യമാണ് നിലവിലുള്ള തെങ്കിൽ അത്തരം മദർ സ്കൂളുകൾക്ക് പ്രത്യേക പരിഗണന നൽകി വികസിപ്പിച്ച് എടുക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി നേരിട്ട് നേതൃത്വം നൽകും. ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് വ്യക്തിപരമായ ഉത്തരവാദിത്വം ഏ റ്റെടുക്കേണ്ട ുന്ന വിധം പ്രത്യേക ചുമതല നൽകും.

ഇതിനായി ഡി.പി.ഐ.യിൽ ഒരു പ്രത്യേക സെൽ പ്രവർത്തനം ആരംഭിക്കും. എം.എൽ.എ/എസ്.എസ്.എ/തദ്ദേശ സ്വയംഭരണ പദ്ധതി വിഹിതം ഉപയോഗിച്ച് ഈ ക്ലസ്റ്റർ സ്കൂളുകളിൽ ആവശ്യമായ എല്ലാ സൗകര്യങ്ങളും നിശ്ചിതകാലയളവിൽ നടപ്പാക്കും.

## ഫീഡർ സ്കൂളുകൾ

പ്രധാനമായും ഒന്നു മുതൽ നാലുവരെയുള്ള സ്കൂളുകളാണ് ഫീഡർ സ്കൂളുകൾ. കുട്ടി ഇപ്പോൾ പഠിക്കുന്ന സ്കൂളിലെ ''റോൾ'' പ്രകാരം അവർക്ക് അഞ്ചാം ക്ലാസ്സിലും പഠനം തുടരാവുന്നതാണ്. മദർ സ്കൂളിലെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുതകുംവിധമായിരിക്കും ഒരു ഫീഡർ സ്കൂൾ. ഒന്നിലധികം മദർ സ്കൂളുകളിൽ ദൂര പരിധിയിലാകുമെങ്കിലും പ്രധാനമായും സർക്കാർ നിശ്ചയിക്കുന്ന മദർ സ്കൂളിന്റെ ഫീഡർ സ്കൂളായി മാത്രമായിരിക്കും വികസന പദ്ധതിയിൽ അംഗമായി നിശ്ചയിക്കുന്നത്.

**<u>അഞ്ചു തരം മദർ–ഫീഡർ സ്കൂളുകളാണ് ഉ ണ്ട ാകുക.</u>**

1) ഗവ: മദർ സ്കൂൾ + ഗവ: ഫീഡർ സ്കൂളുകൾ
2) ഗവ: മദർ സ്കൂൾ + ഗവ: എയ്ഡഡ് ഫീഡർ സ്കൂളുകൾ
3) എയ്ഡഡ് മദർ സ്കൂൾ + ഗവ:ഫീഡർ സ്കൂളുകൾ
4) എയ്ഡഡ് മദർ സ്കൂൾ + ഗവ:/എയ്ഡഡ് ഫീഡർ സ്കൂളുകൾ
5) എയ്ഡഡ് മദർ സ്കൂൾ + എയ്ഡഡ് ഫീഡർ സ്കൂൾ

കുട്ടികൾക്ക് ആവശ്യമെങ്കിൽ വാഹന സൗകര്യം സൗജന്യമായി നൽകേ ണ്ടുന്ന ഉത്തരവാദിത്വം മദർ സ്കൂളുകൾക്കായിരിക്കും.

-

## ആശ്വാസ് "ASWAS"

വിദ്യാഭ്യാസ അവകാശ നിയമം വിഭാവനം ചെയ്യുന്ന കലാ-കായിക പ്രവൃത്തി പരിചയമായ കുട്ടികൾ എന്നത് നടപ്പാക്കുന്ന സമഗ്ര വിദ്യാഭ്യാസ കേന്ദ്രങ്ങളാണ് " ASWAS" – (Arts, Sports, Work Experience in School) നിശ്ചിത മദർ സ്കൂളുകളിലെ ഒരു ഫീഡർ സ്കൂളിനെ കലാകായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിനുതകും വിധം പരിവർത്തനം ചെയ്ത് മുഖ്യധാര പഠനപ്രവർത്തനങ്ങൾക്കൊപ്പം ചേർക്കുന്നതാണ്. ഇതിനായി കലാകായിക പ്രവൃത്തി പരിചയത്തിന് പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തും.

ആശ്വാസ് സകൂളുകളിൽ പ്രവർത്തിയെടുക്കുന്നതിന് തയ്യാറാകുന്ന സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക്, പ്രസ്തുത സ്കൂളിലെ ഹെഡ്മാസ്റ്റർക്കു പുറമെ ആർട്ട്/പ്രവൃത്തി/കായിക പരിശീലന വിഭാഗത്തിന്റെ പ്രത്യേക മേൽനോട്ട ചുമതലയും നൽകുന്നതാണ്.

വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ സമഗ്രപരിഷ്കരണം എന്ന നിലക്ക് ആശ്വാസ് സ്കൂളുകൾ വരുന്ന അധ്യയനവർഷം തെരഞ്ഞെടുക്കപ്പെടുന്ന നിയമസഭാ മണ്ഡലങ്ങളിൽ നടപ്പാക്കുന്നതാണ്.

## അദ്ധ്യാപക വിന്യാസം

സംസ്ഥാനത്ത് ആകെയുള്ള കുട്ടികളുടെ എണ്ണവും നിലവിലുള്ള ആകെ അധ്യാപകരുടെ എണ്ണവുമായി പരിശോധിക്കുമ്പോൾ 22 കുട്ടികൾക്ക് ഒരു അധ്യാപകൻ എന്ന അനുപാതമാണുള്ളത്. അതോടൊപ്പം വിദ്യാഭ്യാസ അവകാശനിയമം അനുപാതത്തിൽ കുട്ടികളെ തിരിച്ചിരുത്തി കഴിയുമ്പോഴും 6209 ക്ലാസ് മുറികൾ അധികമായി വരും. പക്ഷെ ഈ കണക്ക് യഥാർത്ഥ ഡിവിഷൻ അടിസ്ഥാനത്തിലുള്ള ആവശ്യവുമായി പൊരുത്തപ്പെടുന്നില്ല. അധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത പുനർനിശ്ചയിക്കപ്പെടുന്ന സാഹചര്യത്തിൽ യു.പി. വിഭാഗത്തിൽ ബിരുദവും ടി.ടി.സിയും യോഗ്യതയും ഇല്ലാത്ത അധ്യാപകർ പ്രവർത്തിക്കുന്നതിന് തടസ്സമാകും. എന്നാൽ ആ അധ്യാപകർക്ക് അഞ്ചാം ക്ലാസിൽ പഠിപ്പിക്കുന്നതിന് മതിയായ യോഗ്യതയും ഉ ണ്ട്. മദർ സ്കൂളുകളിലെ അഞ്ചാം ക്ലാസ്സിൽ പഠിപ്പിക്കുന്നതിന് ഇവരുടെ സേവനം ഉപയോഗപ്പെടുത്തണം. ഇപ്രകാരം എട്ടാം ക്ലാസിലെ അധ്യാപനത്തിന് ഇപ്പോൾ ഹൈസ്കൂളുകളിലെ അധ്യാപകരെയും വിന്യസിക്കാൻ കഴിയും.

-

അധ്യാപക പാക്കേജ് നടപ്പാക്കിയതു മുതൽ എയ്ഡഡ് സർക്കാർ സ്കൂളുകളിലെ 2010–11 തസ്തികകളുടെ എണ്ണം ആ സ്കൂളിലെ സ്ഥിരം തസ്തികയാണ്. ആകയാൽ കുട്ടികളുടെ കുറവുകാരണം 2010–11 ൽ സർവീസിലുള്ള അധ്യാപകന് തസ്തിക നഷ്ടപ്പെടുന്നില്ല. എന്നാൽ ഘടനാപരമായ മാറ്റം അധ്യാപകരുടെ തരം താഴ്ത്തലിനും സ്ഥലം മാറ്റത്തിനും ഇടയാക്കും. ഉദ്ദേശം 21000 അധ്യാപകർക്ക് സ്ഥാനചലനം ഉ ണ്ട ാകാനുള്ള തിനു പുറമെ അഞ്ചാം ക്ലാസിലും എട്ടാം ക്ലാസിലും ചില എയ്ഡഡ് സ്കൂളുക ളിലെങ്കിലും പുതിയ നിയമനങ്ങൾക്ക് അവസരം നൽകേ ണ്ട സ്ഥിതിയുമുണ്ട ാ കും.

ഇതിനു പരിഹാരമായി മദർ സ്കൂളും ഫീഡർ സ്കൂളും ചേരുന്ന ഒരു ഗണത്തിൽ ഒരു ടീച്ചർ ക്ലസ്റ്റർ പ്രവർത്തിക്കുകയും ആ അധ്യാപകർക്ക് നിലവിലുള്ള തസ്തികയിൽ തന്നെ വേതനവും അവകാശവും ആനുകൂല്യവും ഉറപ്പാക്കുകയും ചെയ്തുകൊ ണ്ട് ഈ അധ്യാപകരുടെ സേവനം പ്രസ്തുത ഗണത്തിൽപ്പെടുന്ന ഏതു സ്കൂളിലും ഉപയോഗിക്കുന്ന തായിരിക്കും.

വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ ഏറ്റവും സമ്പുഷ്ടമാക്കുന്ന അധ്യാപകരുടെ കൂട്ടായ അഭിപ്രായങ്ങൾ ഈ പദ്ധതിക്ക് കാതലായ സംഭാവന ചെയ്യുവാൻ കഴിയും.

1000 കോടി രൂപ അധിക ചെലവു നടത്തി പുതിയ ക്ലാസ് മുറികൾ നിർമ്മിക്കുകയും അതേ സമയം നിലവിലുള്ള 6290 ക്ലാസ് മുറികൾ വെറുതെ ഒഴിച്ചിടുന്ന അവസ്ഥയും ഒഴിവാക്കാനും 21000 അദ്ധ്യാപകർക്ക് സ്ഥാനചലനം ഉ ണ്ട ാക്കുന്ന അവസ്ഥയും തുടർന്നുള്ള വ്യാപകമായ സ്ഥലമാറ്റങ്ങളും ഒഴി വാക്കുന്നതിനുള്ള ഇത്തരമൊരു ഘടനാപരമായ പുന:സംവിധാനത്തെക്കുറി ച്ചുള്ള ഈ കുറിപ്പ് താങ്കളുടെ സംഘടനയുടെ തലങ്ങളിൽ ചർച്ച ചെയ്ത് വ്യ ക്തമായ മറുപടിക്കുറിപ്പ് തയ്യാറാക്കി നൽകണമെന്നഭ്യർത്ഥിക്കുന്നു.